(iii) UNSTARRED QUESTIONS AND ANSWERS

ഐ. എ. എസ്., ഐ. പി. എസ്. ബിരുദം കരസ്ഥമാക്കിയ കേരളീയർ

48 (546) ശ്രീ. പി. കെ. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. എസ്., ഐ. പി. എസ് ബിരുദം കരസ്ഥമാക്കാൻ കഴിഞ്ഞ കേരളീയരുടെ സംഖ്യ എത്ര;

(ബി) ഇതിൽ പിന്നോക്ക സമുദായത്തിലും പട്ടിക ജാതി—പട്ടിക വർഗ്ഗത്തിലും പെട്ടവർ എത്ര;

(സി) പേരും സമുദായവും തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ, ബി, സി) വിവരങ്ങൾ കേന്ദ്രഗവൺമെൻറിൽനിന്നും ശേഖരിച്ചുവരുന്നു.

II. CALLING ATTENTION UNDER RULE 61.

Police firing at Pandanad in Chengannur

മി. സ്പീക്കർ: ഈ മാസം 7—ാം തീയതി അർദ്ധരാത്രിയിൽ ചങ്ങനാശ്ശേരിയിലെ പാണ്ടനാട് എന്ന സ്ഥലത്തു നടന്ന പോലീസു വെടിവയ്പുമൂലം ഒരാൾ മൃതിയടയുകയും, മറെറാരാൾക്കു ഗുരുതരമായ പരിക്കേറെറ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതിൻെറ പേരിലുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ഇ. ജോൺജേക്കബ് എന്നിവർ റൂൾ 61 അനുസരിച്ചും, ശ്രീ. ഇ. എം. ജോർജ് റൂൾ 49 അനുസരിച്ചും നോട്ടീസുകൾ നൽകിയിട്ടുണ്ട്.

9 A. M.

ശ്രീ. അച്യുതാനന്ദനു സംസാരിക്കാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഈ കഴിഞ്ഞ ഏഴാം തീയതി ചെങ്ങന്നൂരിൽ പാണ്ടനാട് എന്ന സ്ഥലത്തുവച്ചു രണ്ടു കർഷകത്തൊഴിലാളികളുടെ നേരെ അവിടെ ക്യാമ്പു ചെയ്തിരുന്ന പോലീസു വെടിവയ്ക്കുകയുണ്ടായി. ആ വെടിവയ്പിനു പ്രകോപനമായ യാതൊരു സംഭവവും അവിടെയുണ്ടായിട്ടില്ല. അവിടത്തെ കർഷകത്തൊഴിലാളി പ്രവർത്തകരായിട്ടുള്ള രവി, കുഞ്ഞുകുഞ്ഞു എന്നീ ആളുകളുടെ നേതൃത്വത്തിൽ, ഇതിനു മുൻപു കർഷകത്തൊഴിലാളികളുടെ പേരിൽ ഉളവായിട്ടുള്ള കേസുകളുടെ ഡിഫൻസു ഫണ്ടിനുവേണ്ടി, ഇപ്പോൾ കാർഷികത്തൊഴിലാളികൾ കൊയ്ത്തു സമയമായതുകൊണ്ടു വൈകുന്നേരം മാത്രമേ വീട്ടിൽ കാണുകയുള്ളു എന്നുള്ളതു ആസ്പദമാക്കി, എട്ടുമണിമുതൽ ആറേഴുപേർ വീടുവീടാന്തരം കയറി ഫണ്ടു കളക്ടുചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ ഒരു കർഷകത്തൊഴിലാളിയുടെ വീട്ടിൽ ദീനരോദനം കേൾക്കുകയും, ഭയാനകമായ എന്തോ അവിടെഅവിടെ നടക്കുന്ന ശബ്ദം കേൾക്കുകയും ചെയ്തതിൻെറ ഫലമായി ഈ തൊഴിലാളി പ്രവർത്തകർ അങ്ങോട്ടുചെന്നു. ആ സന്ദർഭത്തിൽ കുറേ പോലീസുകാർ ആ വീടു പരിശോധിക്കുകയും, സ്ത്രീകളെ

LIBRARY ARCHIVES Kerala Legislative Assembly

ഭയപ്പെടുത്തുകയും അവരുടെ ചട്ടിയും കലങ്ങളുമെല്ലാം തല്ലിപ്പൊളിക്കുകയും ചെയ്തുകൊണ്ടിരുന്ന കാഴ്ചയാണ് കണ്ടത്. ഈ പ്രവർത്തകർ അവിടെ ചെല്ലുന്ന അവസരത്തിൽ പോലീസു പുറത്തു ചാടി പോടാ എന്നു പറഞ്ഞ് വിരട്ടിയോടിക്കുകയും അടിക്കാൻ ശ്രമിക്കുകയുമുണ്ടായി. അവർ പോലീസിനെ ഭയന്നു പുറകോട്ടു ഓടുകയാണ് ഉണ്ടായത്. അങ്ങനെ പോയ സന്ദർഭത്തിൽ പോലീസു യാതൊരു പ്രകോപനവുമില്ലാതെ ഈ തൊഴിലാളി പ്രവർത്തകരുടെ നേരെ വെടിവയ്ക്കുകയും തൽക്ഷണം രവിയെന്ന തൊഴിലാളി പ്രവർത്തകൻ അവിടെ വീണു മൃതിയടയുകയും, കുഞ്ഞുകുഞ്ഞു എന്നു പേരായ മറെറാരു തൊഴിലാളി അത്യാസന്നമായ മരണനിലയിലായി ഇപ്പോഴും കോട്ടയം മെഡിക്കൽകോളേജാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ വെടിവയ്പു നടക്കുന്ന സന്ദർഭത്തിൽ പോലീസ് ആഫീസറൻമാരായ ആളുകളാരും അവരുടെകൂടെയില്ലായിരുന്നു. യാതൊരു മുന്നറിയിപ്പും നടത്തിയിട്ടല്ല പോലീസ് വെടിവച്ചത് എന്നുള്ളതാണ് ഏറെറവും ഗൗരവതരമായ മറെറാരു വസ്തുത. നമ്മുടെ നാട്ടിൽ പോലീസു ഈ കഴിഞ്ഞ കുറേ നാളുകളായി നടത്തിക്കൊണ്ടിരിക്കുന്ന ഭീകരമായ യാതൊരു ലക്കും ലഗാനുമില്ലാത്ത മർദ്ദനത്തെ സംബന്ധിച്ച്, ആക്രമണത്തെ സംബന്ധിച്ചു ഇതിനുമുൻപു ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പോലീസു മാത്രമല്ല, കാർഷിക മുതലാളിമാരുടെ ഗുണ്ടകൂടി പോലീസു സംരക്ഷണത്തോടെ വീടുവീടാന്തരം കേറിയിറങ്ങി ആലപ്പുഴ ജില്ലയിൽത്തന്നെ നാലുപേരെ കുത്തിക്കൊലപ്പെടുത്തിയിട്ടുള്ള സംഭവം ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. കാർഷികത്തൊഴിലാളികളും കൊയ്ത്താദായത്തിനു നടത്തിയ സമരത്തെത്തുടർന്നു സഹദേവൻ എന്ന തൊഴിലാളിയെ വെടിവച്ചുകൊന്ന സംഭവം ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ആറു കൊലകളാണ് നടന്നതെന്നുള്ള വസ്തുത ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ഈ സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽമതി.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഈ സംഭവുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ സംസാരിക്കുന്നത്. വളരെ നിർഭാഗ്യകരമായി ക്രൂരമായി ഈ കൊലയാളികളും ആറുപേരെ കൊലപ്പെടുത്തിയിരിക്കുകയാണെന്നു ഞാൻ വളരെ ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്. പോലീസിനെ എങ്ങനെയാണു കയറൂരിവിട്ടിരിക്കുന്നതെന്നും പോലീസു യാതൊരു ലക്കും ലഗാനുമില്ലാതെയാണ് വെട്ടിവീഴ്ത്തു നടത്തുന്നതെന്നും ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇതു പറയുന്നത്. ആറു തൊഴിലാളികളുടെ ജീവനാണ് ഇപ്പോൾ അപഹരിച്ചിരിക്കുന്നത്. പാവങ്ങളുടെ ജീവനുള്ള മൂല്യവും വിലയും പോലും പാവപ്പെട്ട കർഷകത്തൊഴിലാളികളുടേയും അവരുടെ പ്രവർത്തകരുടെയും ജീവനു ഈ സംസ്ഥാനത്തെ അധികാരികളും വിലവയ്ക്കാത്ത മർമ്മഭേദകമായ, ഗുരുതരമായ, പൈശാചികമായ നടപടികളാണ് ഇവിടെ നടക്കുന്നത്. അതിനു അറുതി വരുത്തണം. പാവപ്പെട്ട തൊഴിലാളികളുടെ വീടുകളിൽ കിടന്നുറങ്ങാൻപോലും നിവൃത്തിയില്ല. പോലീസിന്റേയും ഗുണ്ടകളുടേയും വീടുകയറിയുള്ള ആക്രമണം ഏതവസരത്തിലും ഉണ്ടാകുമെന്നുള്ള ഭയത്തോടുകൂടിയാണ് പാവപ്പെട്ട തൊഴിലാളികളും കഴിഞ്ഞുകൂടുന്നത്. അതിനാവശ്യമായ നടപടികളെടുക്കണമെന്ന് അങ്ങയോടും ഗവൺമെൻറിനോടും ഞാൻ ആവശ്യപ്പെടുകയാണ്.

(ശ്രീ. സി. എച്ച്. മുഹമ്മദുകോയ): വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രിസർ, ഞാൻ റൂൾ 61 അനുസരിച്ചുള്ള ചർച്ചയിൽ ഒതുങ്ങിനിൽക്കാ

LIBRARY ARCHIVES Kerala Legislative Assembly

നാണ് ആ[ഗഹിക്കുന്നത്. പോലീസിനെ സംബന്ധിച്ചു പൊതുവായി പറഞ്ഞ കാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ ഈ റൂളനുസരിച്ചു നിവൃത്തി യില്ല. ഈ സഭയിലാണെങ്കിൽ അതിനു വേറെ അവസരവും വരുന്നുണ്ട്.

[ശ്രീ. അച്യുതാനാനന്ദൻ പറഞ്ഞതുപോലെയുള്ള വിവരങ്ങളല്ല ഈ സംഭവത്തെ സംബന്ധിച്ച് എനിക്കു ലഭിച്ചിട്ടുള്ളത്. പാണ്ടനാട് വില്ലേ ജിൽ മാർച്ച് ഏഴാംതീയതി രാ[ത്രി 12 മണിക്ക് ആംഡ് റിസർവ്വ്പോലീസു പാർട്ടിയെ 200 പേർ ആ[കമിച്ചതിനെത്തുടർന്ന് പോലീസ് ആത്മരക്ഷാർത്ഥം വെടിവച്ചതിന്റെ ഫലമായി ജനക്കൂട്ടത്തിൽ ഒരാൾ മരിക്കുകയും, വേറൊരാളിനു സാരമായ പരിക്കു പറ്റുകയും, രണ്ടു പോലീസു കാൺസ്റ്റ ബിൾമാർക്ക് പരുക്ക് പറ്റുകയും ചെയ്ത ഖേദകരമായ സംഭവമുണ്ടായിരി ക്കുന്നു. ഇതേസംബന്ധിച്ച് അന്വേഷിക്കാൻവേണ്ടി ഉയർന്ന പോലീസു ദ്യോഗസ്ഥൻമാരെ ഉടനെതന്നെ സ്ഥലത്ത് അയയ്ക്കുകയുണ്ടായി. അവരി ൽനിന്നു ലഭിച്ച വിവരങ്ങളുടേയും മറ്റു ഔദ്യോഗിക വിവരങ്ങളുടേയും അടി സ്ഥാനത്തിൽ ഈ സംഭവത്തെ സംബന്ധിച്ചു ചുരുക്കം ചില വിവരങ്ങൾ ഞാൻ സഭയ്ക്കു നൽകുകയാണ്.

ഈയ്യിടെയായി പാണ്ടനാടു മാർക്സിസ്റ്റുകാരും അല്പാത്തവരുമായ ആളുകളും തമ്മിലുള്ള സംഘട്ടനങ്ങൾക്കും കൊള്ളിവയ്പുകൾക്കും സാക്ഷ്യം വഹിച്ച പ്രദേശമാണ്. അതുകൊണ്ടു അവിടെ സായുധ പോലീസ് സംഘത്തെ നിറുത്തിയിരുന്നു. 7-ാം തീയതി രാ[ത്രി 11 മണിക്കു കുഞ്ഞു കുഞ്ഞു എന്നയാളിന്റെ വീട് ആ[കമിക്കുവാൻ ഒരുക്കം ചെയ്യുന്നതായി അയാ ളുടെ സഹോദരൻ സാമുവേൽ ആംഡ് റിസർവ്വ്പോലീസിന്റെ ചാർജ്ജു വഹിക്കുന്ന ഹെഡ്കാൺസ്റ്റബിളിനെ അറിയിക്കുയുണ്ടായി. ഹെഡ് കാൺസ്റ്റബിളും നാലു കാൺസ്റ്റബിൾമാരുമായി ക്യാമ്പിൽനിന്ന് ഒന്നര മൈൽ അകലെയുള്ള കുഞ്ഞുകുഞ്ഞിന്റെ വീട്ടിൽപോയി. അയാളെ ചോദ്യം ചെയ്തു. മുൻപിലത്തെ ഒരു കേസിൽപ്പെട്ട മാർക്സിസ്റ്റുകാരനെ അറസ്റ്റു ചെയ്യാൻ സഹായിച്ചതുകൊണ്ട് മാർക്സിസ്റ്റുകാർ കുഞ്ഞു കുഞ്ഞിന്റെ വീട് ആ[കമിക്കുമെന്നാണ് വിവരം കിട്ടിയിട്ടുള്ളതെന്നു പറഞ്ഞു. വീട്ടിനടുത്തു ആരേയും കാണാത്തതുകൊണ്ടു ചുറ്റുപാടുകളും വീക്ഷിച്ചുകൊണ്ടു പോലീസ് അവരുടെ ക്യാമ്പിലേക്കു നടന്നു. നല്ലുപറമ്പിൽത്തറ എന്ന സ്ഥല ത്തെത്തിയപ്പോൾ, മാർക്സിസ്റ്റുകാർ അധികം താമസിക്കുന്ന ആ സ്ഥലത്ത് ഒരു ജനക്കൂട്ടം നിൽക്കുന്നതായി പോലീസുകണ്ടു. പോലീസ് ടോർച്ചടിച്ചു നോക്കുകയുണ്ടായി. വാരിക്കുന്തം, അരിവാൾ, വടി തുടങ്ങിയ പല ആയുധ ങ്ങളും അവരുടെ കയ്യിലുണ്ടായിരുന്നു. എന്തുകൊണ്ടാണ് അവിടെ കൂടിയിരി ക്കുന്നതെന്നു ചോദിച്ചപ്പോൾ സംഭാവന പിരിക്കാൻ കൂടിയിരിക്കുന്നതാണെന്നു പറഞ്ഞു. ഇതു പറയുന്നതിനിടയിൽ, കുറേ പേരെയുള്ളൂ, വളഞ്ഞേരേ, വളഞ്ഞേരേ എന്ന് ആരോ വിളിച്ചുപറഞ്ഞു. മുമ്പിലുള്ള രണ്ട് ആംഡ് റിസർവ്വുപോലീസുകാരെ ആ[കമിച്ചു. കൊച്ചുകൃഷ്ണപിള്ള എന്ന കോൺ സ്റ്റബിളിന്റെ കയ്യിൽ രണ്ടുതവണ വെട്ടി. 880-ാം നമ്പർ പി. സി. യെ എന്തോ വടികൊണ്ട് അടിച്ചു. ആ കൊച്ചുപോലീസു സംഘത്തെ വലിയ ജനക്കൂട്ടം അപായപ്പെടുത്താൻ സാദ്ധ്യതയുണ്ടായിരുന്നു. അപ്പോൾ ഒരു കാൺസ്റ്റബിൾ ആത്മരക്ഷാർത്ഥം വെടിവച്ചു. ജനക്കൂട്ടം പല സ്ഥല ങ്ങളിലേക്കും ചിന്നിച്ചിതറി. ആ പ്രദേശം പരിശോധിച്ചപ്പോൾ രണ്ടു പേർ അവിടെ മുറിവേറ്റു കിടക്കുന്നതായികണ്ടു. 1297-ാം നമ്പർ കാൺസ്റ്റ ബിളും മുറിവേറ്റു നിലംപതിച്ചിരുന്നു. ഈ രണ്ടു പോലീസു കാൺസ്റ്റ ബിൾമാരേയും മുറിവേറ്റ മറ്റു രണ്ടുപേരേയും ഉടൻതന്നെ ഒരു കാറു വരുത്തി ചെങ്ങന്നൂർ ആശുപത്രിയിലേക്കു കൊണ്ടുപോയി. മുറിവേറ്റ ഒരാൾ ആശുപത്രിയിലുള്ള മാർഗ്ഗമദ്ധ്യേ മരിച്ചു. മറ്റൊരാളെ കോട്ടയം

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജാശുപത്രിയിലേക്കു പിന്നീടു മാറ്റി. മരിച്ച ആളിന്റെ പേർ രവീന്ദ്രപണിക്കരെന്നാണ്. കുഞ്ഞുകുഞ്ഞു എന്ന ആളിനാണ് പരിക്കേറ്റത്. 1297–ാം നമ്പർ കാൺസ്റ്റബിളിന്റെ വലത്തുകയ്യിലുണ്ടായ വെട്ടിന്റെ ഫലമായി അയാളുടെ രണ്ടു രക്തഞരമ്പുകൾ പൊട്ടിപ്പോയിട്ടുണ്ട്. 880–ാം നമ്പർ കാൺസ്റ്റബിളിനും പരിക്കേറ്റിരുന്നു. അവർ രണ്ടുപേരേയും ചെങ്ങന്നൂർ ആശുപത്രിയിൽ ചികിൽസക്കായി കൊണ്ടുപോയി. 1297–ാം നമ്പർ കാൺസ്റ്റബിളിന്റെ രക്തധമനി പൊട്ടിപ്പോയതുകൊണ്ടു ഉടനെ ആശുപത്രിയിൽ കൊണ്ടുപോയില്ലായിരുന്നെങ്കിൽ രക്തംവാർന്ന് ആപത്തു സംഭവിക്കുമായിരുന്നു. വാരിക്കുന്തങ്ങൾ, അരിവാൾ, ആസിഡ് ബൾബുകൾ, പടക്കങ്ങൾ, കല്ലുകൾ മുതലായ പല സാധനങ്ങളും പിന്നീടു പോലീസ് അവിടെനിന്നു കണ്ടെടുത്തു. വെടി വച്ചതിന്റെ ഫലമായിട്ടാണ് ഒരാൾ മരിച്ചത്, മറ്റൊരാൾക്കു സാരമായ പരിക്കേറ്റത്.

ഗവൺമെന്റിന്റെ റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായ ഒരു അഭിപ്രായമാണ് ശ്രീ. അച്യുതാനന്ദൻ ഇവിടെ പറഞ്ഞത്. ആ നിലയിൽ, രണ്ടു വ്യത്യസ്തമായ അഭിപ്രായം ഈ സംഗതിയെ സംബന്ധിച്ചുള്ളതുകൊണ്ടും ഒരാളിന്റെ മരണത്തിനിടയായ സംഗതിയായതുകൊണ്ടും ഇതേസംബന്ധിച്ചു ഗവൺമെന്റ് ഒരു അന്വേഷണം നടത്തുന്നതാണെന്നുകൂടി ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതു ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഈ സംഗതിയെ സംബന്ധിച്ചുള്ള ഭയാശങ്കകൾ ഇല്ലാതാക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ഇ. ജോൺജേക്കബ്: ഞാൻ ആ സ്ഥലത്തുപോയി ഈ കാര്യത്തെക്കുറിച്ച് അന്വേഷിച്ചു. അച്യുതാനന്ദൻ പറഞ്ഞതു മുഴുവൻ പച്ചക്കള്ളമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റു ഓഫ് ഓർഡർ. റൂൾ 61 അനുസരിച്ചു അവതരിപ്പിച്ച കാര്യത്തിനു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞാൽ പിന്നീട് അതേപ്പറ്റിയുള്ള ചർച്ച അനുവദനീയമാണോ?

മി. സ്പീക്കർ: അനുവദനീയമല്ല.

ശ്രീമതി കെ. ആർ. ഗൗരി: ചർച്ച അനുവദനീയമാണോ അല്ലയോ എന്നുള്ളതല്ല പ്രശ്നം. ഈ പ്രശ്നം ഇവിടെ കൊണ്ടുവന്നു. പോലീസ് എഴുതിക്കൊടുത്ത റിപ്പോർട്ടനുസരിച്ചു പത്തഞ്ഞൂറു ആളുകൾ വീടു വളഞ്ഞു എന്നു പറഞ്ഞു. ഈ വളഞ്ഞ വീട് എന്നു പറയുന്നത് ഈ സംഭവം നടന്നതിനു നാലു ഫർലാംഗിനു അപ്പുറത്താണ്.

(ഈ സമയം പലമെമ്പറൻമാരും ചോദ്യങ്ങളുമായി ചാടിയെണീറ്റു ബഹളമുണ്ടാക്കി. സഭയിൽ ബഹളമായി).

മി. സ്പീക്കർ: റൂൾ 61 അനുസരിച്ച് ഒരു പ്രശ്നം ഉന്നയിച്ചു മറുപടി പറഞ്ഞുകഴിഞ്ഞാൽ പിന്നീടു ചർച്ചപാടില്ല. റൂൾ 61 അനുസരിച്ചു മിസ്റ്റർ ജോൺജേക്കബും മിസ്റ്റർ അച്യുതാനന്ദനുമാണ് നോട്ടീസു തന്നത്. ഓരാളിനു സംസാരിക്കാൻ അനുവാദം കൊടുത്തു. ഇനി ഏതായാലും ഇതേക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. അങ്ങനെയൊരു കീഴ്വഴക്കവുമില്ല. റൂൾ 61 അനുസരിച്ചു പ്രശ്നം ഉന്നയിക്കുന്ന ആൾ അതേക്കുറിച്ചു സംസാരിക്കുക, ബഹുമാനപ്പെട്ട മന്ത്രി അതിനു മറുപടി പറയുക, അങ്ങനെ അതു അവസാനിപ്പിക്കുക എന്നല്ലാതെ പിന്നീടു അതിൽ നിന്നു ഉൽഭൂതമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയാൽ അന്തമില്ല. ശ്രീമതി ഗൗരി ഒരു കാര്യം പറഞ്ഞാൽ അതിനെതിരായ പോയിൻറ് ശ്രീ. ജാൺജേക്കബ് പറയും. അങ്ങനെ പറയാൻ തുടങ്ങിയാൽ ഒരു അവസാനവുമില്ല. പൊതു രേണത്തെപ്പറ്റിയാണ് നാം ഇന്നു സംസാരിക്കാൻ പോകുന്നതു. ഉച്ചക്കു ഒരു മണിവരെ ഈ കാര്യങ്ങളെക്കുറിച്ചെല്ലാം സംസാരിക്കാൻ സൗകര്യമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനുമുൻപു ഇങ്ങനെ ചർച്ചചെയ്തിട്ടില്ല, കീഴ്വഴക്കമില്ല എന്നു പറഞ്ഞതുകൊണ്ടായില്ല. ഇതൊരു വലിയ ഇഷ്യൂവാണ്.

ശ്രീ. ഇ. ജാൺജേക്കബ്: റൂൾ 61 അനുസരിച്ചു ഞാനും നോട്ടീസു കൊടുത്തിട്ടുള്ളതാണ്. എനിക്കും സംസാരിക്കാൻ അനുവാദം തരണം.

ശ്രീ. കെ. കരുണാകരൻ: റൂൾ 61 അനുസരിച്ചുള്ള ചർച്ചയാണെങ്കിൽ എനിക്കു ഒരു സബ്മിഷനുണ്ട്. റൂൾ 61 അനുസരിച്ചാണെങ്കിൽ ഇങ്ങനെ ചർച്ച നടത്തുന്നതു ആർഡറിലാണോ?

മി. സ്പീക്കർ: ഒരു നടപടിക്രമവുമനുരിച്ചുള്ള ചർച്ചയല്ല.

ശ്രീ. ഇ. എം. ജോർജ്: അടിയന്തിരപ്രമേയം അങ്ങ് അനുവദിച്ചിരിക്കുന്നു. അടിയന്തിരപ്രമേയം അനുവദിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം അങ്ങേക്കുള്ളതാണ്. പക്ഷേ അടിയന്തിരപ്രമേയം അവതരിപ്പിച്ചിട്ടുള്ള ആളുകൂടിക്കു സംസാരിക്കാൻ ഈ നിയമസഭയിൽ അങ്ങ് എല്ലാ അവസരങ്ങളിലും അവകാശം നൽകിയിട്ടുണ്ട്. എനിക്ക് ആ അവകാശം നിഷേധിക്കരുത്.

മി. സ്പീക്കർ: അങ്ങനെ പ്രത്യേകതയൊന്നുമില്ല.

ശ്രീ. ഇ. എം. ജോർജ്: അടിയന്തിരപ്രമേയം അവതരിപ്പിച്ച ഒരാളെന്നുള്ള നിലക്കു എനിക്കു ഏതാനും നിമിഷം സംസാരിക്കാൻ അനുവാദം അങ്ങു തരണം.

മി. സ്പീക്കർ: ഒരു പ്രശ്നം സഭയുടെ മുമ്പാകെ കൊണ്ടുവരിക എന്നുള്ളതാണ് റൂൾ 61 അനുസരിച്ചുള്ള സംഗതി. ഇന്നത്തെസംഗതി പാണ്ടനാട്ടു വെട്ടിവയ്പ്പിനെസംബന്ധിച്ചുള്ളതാണ്. അതു ഗുരുതരമായ പ്രശ്നമാണ്. അതു സഭയുടെ മുമ്പാകെ ഉന്നയിക്കുക എന്നുള്ളത് നമ്മെസംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായതാണ്. ഇതു റൂൾ 61 മുഖേന വേണമോ, വേറെ റൂളനുസരിച്ചു വേണമോ എന്നുള്ളതിനെ സംബന്ധിച്ച തീരുമാനമാണ് ഞാൻ എടുക്കുന്നത്. അങ്ങനെ ഇവിടെ പ്രശ്നം ഉന്നയിക്കപ്പെട്ടു കഴിഞ്ഞു. സംസാരിക്കുവാനുള്ള അവകാശം നിഷേധിക്കുന്നയാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല. ഇതിനുമുമ്പും അതായത് ഈ രണ്ടു മൂന്നു വർഷമായിട്ടു നടന്നുവരുന്ന പതിവനുസരിച്ചാണെങ്കിൽ ചിലപ്പോൾ ചിലരെ സംസാരിക്കാൻ അനുവാദം കൊടുത്തു എന്നുവരും, ചിലപ്പോൾ അനുവാദം കൊടുത്തില്ലെന്നുവരും. ഇപ്പോൾത്തന്നെ ബഹുമാനപ്പെട്ട ജോർജിന് പ്രത്യേകിച്ച് അനുവാദം തരാതിരിക്കണമെന്നോ വേറൊരാൾക്ക് ആനുകൂല്യം കൊടുക്കണമോ ഒന്നും പ്രത്യേകമായി ആലോചിച്ചിട്ടില്ല. ഒരു പ്രശ്നം ഇന്നു സഭയുടെ മുമ്പിൽ കൊണ്ടുവന്നു അതിനു മന്ത്രി ഉത്തരവും പറഞ്ഞു. ഇതുവളരെ ഗൗരവമായ പ്രശ്നമാണെന്ന് അംഗീകരിച്ചു കഴിഞ്ഞു. പിന്നെ ഇന്നു ഡിമാൻഡുവേളയിൽ ഇനിയും ഇതിനെപ്പറ്റി സംസാരിക്കാൻ അവസരമുണ്ട്. എല്ലാ പാർട്ടിയിൽപ്പെട്ട ബഹുമാനപ്പെട്ട മെമ്പറൻമാർക്കും സംസാരിക്കാം. ഇതിനെപ്പറ്റി മെമ്പറൻമാർ കട്ടുമോ

LIBRARY ARCHIVES Kerala Legislative Assembly

ഷനും കൊടുത്തിട്ടുണ്ട്. ഇതേപ്പറ്റി സംസാരിക്കാൻ ധാരാളം സമയമുണ്ട്. ഇതിനുവേണ്ടി ഓരോരുത്തരുടേയും അവകാശംവച്ചുകൊണ്ട് അഡ്ജേൺമെൻറ്മോഷൻ കൊടുത്ത ആളിനും, റൂൾ 61 കൊടുത്ത ആളിനും പാർട്ടി ലീഡർക്കും ഒക്കെ അനുവാദം കൊടുത്താൽ ഉള്ള സമയമെല്ലാം ഇതിനുവേണ്ടി പോകും. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണെന്നു സമ്മതിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, എനിക്ക്.....

ശ്രീ. ഇ. എം. ജോർജ്: ഞാൻ അങ്ങയോടു അപേക്ഷിക്കുകയാണ് എനിക്കു ഒരു മിനിട്ടു സമയം തരണം.

ശ്രീ. ഇ. ജോൺജേക്കബ്: വേറൊരു മെമ്പർക്കു സംസാരിക്കാൻ അനുവാദം കൊടുക്കുകയാണെങ്കിൽ എനിക്കും തരണം.

ശ്രീ. ഇ. എം. ജോർജ്: അടിയന്തിരപ്രമേയത്തിന്റെ വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സ്റ്റേറ്റുമെൻറ് നൽകിക്കഴിഞ്ഞാൽ ആ സ്റ്റേറ്റുമെൻറിൽ വസ്തുതകൾക്കു നിരക്കാത്ത കാര്യങ്ങൾ സംസാരിച്ചാൽ വസ്തുതകൾ ചൂണ്ടിക്കാണിച്ച ആളിന് അതു പറയാൻ അനുവാദം നൽകേണ്ടതാണ്.

മി. സ്പീക്കർ: ഞാൻ ആർക്കും അനുവാദം കൊടുക്കുന്നില്ല. റൂൾ 61 അനുസരിച്ച് മി. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാടും, ബഹുമാനപ്പെട്ട ഗോപാലകൃഷ്ണൻനായരും റവന്യൂ ഡിപ്പാർട്ടുമെൻറ് സ്റ്ററാഫുന്നയിക്കാൻ ഉദ്ദേശിക്കുന്ന പണിമുടക്കുസംബന്ധിച്ചു നോട്ടീസുനൽകിയിട്ടുണ്ട്. 17-3-70-ൽ നടക്കുവാൻ പോകുന്ന എസ്. എസ്. എൽ. സി. പരീക്ഷക്ക് ചേരുവാനുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റിൽനിന്നു ഒ. ബി. സി. വിഭാഗത്തിൽപ്പെട്ട പല വിദ്യാർത്ഥികളുടേയും പേരുകൾ നീക്കം ചെയ്തിരിക്കുന്നു. ടി വിദ്യാർത്ഥികൾ പരീക്ഷാഫീസു കൊടുക്കുവാൻ തയ്യാറായിരുന്നിട്ടും, നിലവിലുള്ള റൂളുകളനുസരിച്ചു 1200 രൂപയിൽ താഴെ വാർഷികവരുമാനമുള്ള ഒ. ബി. സി. വിദ്യാർത്ഥികളിൽനിന്നു പരീക്ഷാഫീസ് ഈടാക്കേണ്ടതില്ലെന്നു പല ഹെഡ്മാസ്റ്ററൻമാരും തീരുമാനിച്ചതിന്റെ ഫലമായി അവരിൽനിന്നും ഫീസ് ഈടാക്കാതിരിക്കുകയാണുണ്ടായത്. ഫീസടച്ചില്ല എന്ന കാരണത്താൽ അവരെ പരീക്ഷയ്ക്കിരിക്കാൻ അനുവദിക്കാത്തത് തെറ്റും, ഉടനടി തിരുത്തേണ്ടതുമാണ് എന്നു കാണിച്ചുകൊണ്ട് റൂൾ 61 അനുസരിച്ചു ഒരു നോട്ടീസു തന്നിട്ടുണ്ട്.

അതുപോലെ മി. എം. സദാശിവൻ 11-2-70-ൽ ബഹുമാനപ്പെട്ട ലേബർ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ത്രികക്ഷി സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് ടെക്സ്റ്റൈയിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അനുവദിക്കപ്പെട്ട ഡി. ഏ. തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന വിജയമോഹിനി മില്ലിന്റെ മാനേജുമെൻറ് 1-1-70-മുതൽ നൽകാത്തതിൽ പ്രതിഷേധിച്ച് അവിടത്തെ തൊഴിലാളികൾ നടത്തിവരുന്ന സമരത്തെസംബന്ധിച്ച് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസും നൽകിയിട്ടുണ്ട്. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിമാർക്ക് വേണ്ട മേൽനടപടിക്കായി ഞാൻ അയക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഒരു സംഗതിയെസംബന്ധിച്ചു പറയാൻ എഴുന്നേറ്റു നിൽക്കുന്ന അവസരത്തിലായിരുന്നു അങ്ങ് മറ്റു സംഗതികളിലേക്കു പോയത്. അങ്ങു വിളിച്ചിട്ടാണ് ഞാൻ സംസാരിക്കാൻ തുടങ്ങിയത്. പാണ്ടനാട് എന്ന സ്ഥലത്ത് കഴിഞ്ഞ മൂന്നുമാസക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ക്യാമ്പുതുറന്ന് കർഷകരുടെ വീടുകളിൽ കയറി മർദ്ദിക്കുകയും കാർഷികത്തൊഴിലാളികളെ അടിക്കുകയും.....

(ഈ സമയം ശ്രീ. ഇ. ജോൺജേക്കബ് എഴുന്നേറ്റുനിന്ന് എന്തോ പറയുകയും ശ്രീമതി കെ. ആർ. ഗൗരി സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു)

മി. സ്പീക്കർ: ഇങ്ങനെ തുടങ്ങിയാൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകാൻ ഒക്കുകയില്ല. ശ്രീമതി. ഗൗരിയമ്മ എന്നെ സഹായിക്കണം. വളരെ അടിയന്തിരമായ പ്രധാനപ്പെട്ട കാര്യമായിരിക്കാം. ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ എന്നാലും റൂളനുസരിച്ചു എല്ലാവരും തുടങ്ങിയില്ലെങ്കിൽ പിന്നെ എങ്ങനെയാണ്. ഗൗരിയമ്മയുടെ പുറകിലിരിക്കുന്ന മെമ്പർമാർക്കും ഒരു അത്രത്തോളമൊന്നും ചിലപ്പോൾ പരിചയമില്ലായിരിക്കും. അവരൊക്കെ ഒരു പക്ഷേ വല്ലതും പറഞ്ഞാലും ശ്രീമതി ഗൗരിയമ്മ എന്നെ സഹായിക്കാതെ ഒക്കുകയില്ല. ഞാൻ ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നു.

ശ്രീമതി. കെ. ആർ. ഗൗരി: ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുകയാണെങ്കിൽ.....

(ഈ സമയം ശ്രീ. ഇ. ജോൺജേക്കബ്, ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ, ശ്രീ. എ. പി. കുര്യൻ, ശ്രീ. ഇ. എം. ജോർജ്, ശ്രീ. എസ്. ദാമോദരൻ, ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. വി. വി. ദക്ഷിണാമൂർത്തി ശ്രീ. ഇ. ബാലാനന്ദൻ എന്നിവർ ഒരുമിച്ചെഴുന്നേറ്റുനിന്ന് ബഹളം ഉണ്ടാക്കി.)

മി. സ്പീക്കർ: ഞാൻ ഈ ചർച്ച അവസാനിപ്പിക്കുകയാണ്. ഇനി ഇതിനെപ്പറ്റി സംസാരിക്കാൻ ഞാൻ ആരേയും അനുവദിക്കാൻ പോകുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ അവസരം തരാത്തതിൽ പ്രതിഷേധിച്ചു ഞങ്ങൾ ഈ സഭയിൽനിന്നും ഇറങ്ങിപ്പോവുകയാണ്.

REPORT OF THE COMMITTEE ON PETITIONS

Mr. Speaker: Now Mr. Zacharia will present the Report of the Committee on Petitions.

Shri K. C. Zacharia: Sir I, Chairman of the Committee on Petitions present the Fifth Report of the Committee.

Mr. Speaker: The Report is presented.

REPORT OF THE COMMITTEE ON PUBLIC ACCOUNTS

Mr. Speaker: Now Shri K. Karunakaran may present the Report of the Public Accounts Committee.

Shri K. Karunakaran: Sir, I, Chairman of the Public Accounts Committee present the Second Report of the Committee in 1969-70.

Mr. Speaker: The Report is presented.

LIBRARY ARCHIVES Kerala Legislative Assembly